# കാവുമ്പായിയിൽ കെ ടി ശിവദാസൻ സ്മാരക സാന്ത്വനകേന്ദ്രം തുറന്നു

ശ്രീകണ്ഠപുരം > സെന്റർ ഫോർ റിഹാബിലിറ്റേഷൻ ആൻഡ് പാലിയേറ്റീവ് കെയറും (സിആർപിസി) ഐആർപിസി സോണൽ കമ്മിറ്റിയും കാവുമ്പായിയിൽ ആരംഭിച്ച കെ ടി ശിവദാസൻ സ്മാരക സാന്ത്വനകേന്ദ്രം ഐആർപിസി ഉപദേശകസമിതി ചെയർമാൻ പി ജയരാജൻ ഉദ്ഘാടനം ചെയ്തു. സിആർപിസി ചെയർമാൻ പി വി ഗോപിനാഥ് അധ്യക്ഷനായി. വയോജനങ്ങളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് ആദരിച്ചു. എബി എൻ ജോസഫ്, മുഹമ്മദ് അഷ്റഫ്, ഡോ. സുബ്രഹ്മണ്യം നമ്പൂതിരി, ഡോ. മനു മാത്യു, സി സി മാമു ഹാജി, എം സി ഹരിദാസൻ, എ രാമൻ എന്നിവർ സംസാരിച്ചു. സിപിഐ എം മലപ്പട്ടം ലോക്കൽ സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന കെ ടി ശിവദാസന്റെ പേരിലാണ് കേന്ദ്രം. ഭാര്യ സി കെ ലക്ഷ്മി കൈമാറിയ 12.25 സെന്റ് സ്ഥലവും വീടുമാണ് സാന്ത്വനകേന്ദ്രമായി മാറിയത്. ഉദ്ഘാടനവേദിയിൽ തന്നെ കേന്ദ്രത്തിന് സഹായവുമെത്തി. കാഞ്ഞിലേരിയിലെ കെ ജനാർദനൻ അരപവൻ മോതിരം കൈമാറി. കുന്നോത്ത് കുഞ്ഞിരാമൻ, ശ്രീകണ്ഠപുരം ആശ്രയ ചാരിറ്റി, പ്രകൃതി സ്വാശ്രയസംഘം എന്നിവർ ധനസഹായം നൽകി.



► കാവുമ്പായിയിൽ കെ ടി ശിവദാസൻ സ്മാരക സാന്ത്വനകേന്ദ്രം ഐആർപിസി ഉപദേശക സമിതി ചെയർമാൻ പി ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.